ഉത്തരം

(എ—സി) ഇത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു. കെ.എഫ്.സി. ഉദ്യോഗസ്ഥർ കുടിശ്ശിക വരുത്തിയവരെ നേരിട്ടു കാണുകയും, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയ്ക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ട്. അത്തരത്തിൽ ധാരാളം യൂണിറ്റുകൾ ബാദ്ധ്യത തീർത്തിട്ടുണ്ട്. കൂടാതെ റവന്യൂ റിക്കവറി നിയമപ്രകാരം തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

കെ.എഫ്.സി.-യിൽ നിന്നും വായ്പയെടുത്ത് വ്യവസായം നടത്തി ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ പദ്ധതി

13 [1145] ശ്രീ. എ. കെ. മണി:
" ടി. യു. രാധാകൃഷ്ണൻ:
" തേറമ്പിൽ രാമകൃഷ്ണൻ:
" ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫൈനാൻഷ്യൽ കോർപ്പറേഷനിൽ നിന്നെടുത്ത വായ്പയും അതിന്റെ പലിശയും തിരിച്ചടയ്ക്കാൻ കഴിയാതിരുന്നതിന്റെ ഫലമായി വ്യവസായ യൂണിറ്റും ഈടു നൽകിയ വസ്തുവും നഷ്ടപ്പെട്ട എത്ര പേർ ഇക്കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ട്;

(ബി) ഇപ്രകാരം ഈടു വച്ച വസ്തു നഷ്ടപ്പെട്ടതുമൂലം ഫൈനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത എത്ര പേർ ഈ കാലയളവിൽ ആത്മഹത്യ ചെയ്തു;

(സി) എത്ര പേർ കടത്തിൽപ്പെട്ടിട്ടുണ്ട്;

(ഡി) അവരുടെ വിവരം കോർപ്പറേഷൻ ശേഖരിക്കാറുണ്ടോ;

(ഇ) ഫൈനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് വ്യവസായം നടത്തി ദുരിതമനുഭവിക്കുന്നവരെ സഹായിക്കുവാൻ കോർപ്പറേഷന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(എഫ്) ഇല്ലാത്തപക്ഷം അതിനുള്ള പദ്ധതിക്ക് രൂപം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കോർപ്പറേഷനിൽ നിന്ന് വായ്പയെടുത്ത് ഈട് വച്ച വസ്തു നഷ്ടപ്പെട്ടതുമൂലം ആരെങ്കിലും ആത്മഹത്യ ചെയ്തതായി സർക്കാരിന് വിവരമൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോർപ്പറേഷനിൽ നിന്നുമെടുത്ത വായ്പ തിരിച്ചടയ്ക്കാൻ മറ്റു കടങ്ങൾ എടുത്തിട്ടുണ്ടോ എന്ന് അറിയുവാൻ കോർപ്പറേഷന് സംവിധാനമില്ല.

(ഡി) അപ്രകാരം ഒരു സംവിധാനം നിലവിലില്ല.

(ഇ) ഉണ്ട്.

1. പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി.
2. പലിശ ഇളവ്.
3. വായ്പ തിരിച്ചടയ്ക്കുവാനുള്ള കാലാവധി നീട്ടികൊടുക്കൽ.
4. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

(എഫ്) ബാധകമല്ല.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്നിവർക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക

14 [1146] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്നിവർക്കുവേണ്ടി സംസ്ഥാന ഖജനാവിൽനിന്നും കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച മൊത്തം തുക എത്ര കോടിയാണെന്ന് വിശദമാക്കുമോ;

(ബി) ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുകയും യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2001-2002, 2002-2003 എന്നീ സാമ്പത്തിക വർഷങ്ങളിലായി മൊത്തം 221.66 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2003-2004 സാമ്പത്തിക വർഷം താൽക്കാലിക കണക്കുപ്രകാരം 135.08 കോടി രൂപയും ചെലവായിട്ടുണ്ട്.

(ബി)

വർഷം	*ബജറ്റിൽ വകയിരുത്തിയ തുക (ഉപധനാഭ്യർത്ഥനകൾ ഉൾപ്പെടെ)*	*യഥാർത്ഥത്തിൽ ചെലവഴിച്ച തുക*
		(തുക കോടിയിൽ)
2001-2002	128.35	94.60
2002-2003	139.87	127.06
2003-2004	295.28	135.08

*താൽക്കാലിക കണക്കുകൾപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly